# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 11-08-2017 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **1552**

# വിഴിഞ്ഞം തുറമുഖ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൽദോ എബ്രഹാം : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ; | (എ) | മണ്ണു പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം എന്നിവ പൂർത്തിയായി. കൺസഷൻ കരാർ പ്രകാരം കൺസഷണയർ 53 ഹെക്ടർ ഭൂമി കടൽ നികത്തിയെടുക്കേണ്ടതുണ്ട്. ഇതിൽ 40% പണി പൂർത്തിയായി കഴിഞ്ഞു. 3100 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ ബ്രേക്ക് വാട്ടറിന്റെ 565 മീറ്റർ നീളത്തിൽ കോർ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു. ബെർത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി 01.06.2017 ന് പൈലിംഗ് പ്രവർത്തനങ്ങൾ ആരംഭിച്ചു |
| (ബി) | പ്രസ്തുത തുറമുഖ നിർമ്മാണത്തിനും അനുബന്ധ ആവശ്യങ്ങൾക്കുമായി എത്ര ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ; | (ബി) | തുറമുഖ നിർമ്മാണത്തിനും അനുബന്ധ ആവശ്യങ്ങൾക്കുമായി 84.6101 ഹെക്ടർ (208.99 ഏക്കർ) ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. 12.06 ഹെക്ടർ ഭൂമി കൂടി ഇനി ഏറ്റെടുത്ത് കൈമാറേണ്ടതുണ്ട്. ഈ നടപടി പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായി 31.07.2017 വരെ 609 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | തുറമുഖ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) | കരാർ പ്രകാരം തുറമുഖത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ തുടങ്ങാൻ അനുവദിച്ചിട്ടുള്ള കാലയളവ് നാല് വർഷമാണ് (1460 ദിവസം).<br>അതനുസരിച്ച് 2019 ഡിസംബർ 5-ാം തീയതി പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ നാളിതുവരെ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കരാറിൽ നിഷ്കർഷിച്ചിട്ടുള്ള കാലയളവിൽ തന്നെ തുറമുഖ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**